ALL INDIA RADIO THIRUVANANTHAPURAM

ആകാശവാണി, തിരുവനന്തപുരം
പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 07.02.2025**

## പ്രധാനവാർത്തകൾ

1) വികസനത്തിനും ക്ഷേമത്തിനും ഊന്നൽ നൽകി സംസ്ഥാന ബജറ്റ് ; മുണ്ടക്കൈ, ചൂരൽമല പുനരധിവാസത്തിന് 750 കോടി രൂപ അനുവദിച്ചു ; വിഴിഞ്ഞം തുറമുഖവികസനത്തിനായി ബഹുമുഖ പദ്ധതികൾ.

2) ആരോഗ്യ മേഖലയ്ക്ക് 10,431 കോടി ; കാരുണ്യ പദ്ധതിക്ക് 700 കോടി; താലൂക്ക് ആശുപത്രികളിൽ ഡയാലിസിസ് യൂണിറ്റ് സ്ഥാപിക്കും.

3) സർക്കാർ ജീവനക്കാർക്ക് ഒരു ഗഡു ക്ഷാമബത്ത കൂടി അനുവദിച്ചു ; ശമ്പള പരിഷ്കരണ തുകയുടെ രണ്ട് ഗഡു ഈ സാമ്പത്തിക വർഷം നൽകും.

4) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് 227 കോടി; വിള പരിപാലനത്തിന് 535 കോടി ; വന്യജീവി ആക്രമണം നിയന്ത്രിക്കാനും നഷ്ടപരിഹാരത്തിനും 70 കോടി.

5) എ ഐ വികസനത്തിന് ഹാക്കത്തോൺ; ഉന്നത വിദ്യാഭ്യാസ രംഗത്ത് 7 മികവിന്റെ കേന്ദ്രങ്ങൾ; തുഞ്ചൻ പറമ്പിൽ എം.ടി പഠന കേന്ദ്രവും സ്മാരകവും.

6) കയർ വ്യവസായത്തിന് 107 കോടി; കശുവണ്ടി മേഖലയ്ക്ക് 30 കോടി; കൊല്ലത്തും കൊട്ടാരക്കരയിലും കണ്ണൂരും ഐ.ടി പാർക്കുകൾ.

RNU TVPM

**7) ഭൂ നികുതിയും വൈദ്യുത വാഹന നികുതിയും വർധിപ്പിച്ചു; കോടതി ഫീസുകൾ കൂട്ടി; ക്ഷേമ പെൻഷൻ വർധനയില്ല.**

**8) അഞ്ച് വർഷത്തിന് ശേഷം റിപ്പോ നിരക്ക് കുറച്ച് ആർ.ബി.ഐ.**

**&&&&&&&&&&&&&&&&&&**

## ബജറ്റ് ജനറൽ(ബൈറ്റ്)

വികസനത്തിനും ക്ഷേമത്തിനും ഊന്നൽ നൽകി സംസ്ഥാന ബജറ്റ്. സാമ്പത്തിക പ്രതിസന്ധിയെ കേരളം അതിജീവിച്ചതായി ധനമന്ത്രി കെ എൻ ബാലഗോപാൽ ബജറ്റവതരണത്തിന്റെ തുടക്കത്തിൽ വ്യക്തമാക്കി.

(ഹോൾഡ് -വോയിസ്)

വരും വർഷങ്ങളിൽ ധനസ്ഥിതി കൂടുതൽ മെച്ചപ്പെടുമെന്നും മന്ത്രി വ്യക്തമാക്കി. തനത് നികുതി നികുതിയേതര വരുമാനം വർധിച്ചതായി അദ്ദേഹം പറഞ്ഞു. പതിനാലാം ധനക്കമ്മീഷനിൽ ഗ്രാൻ്റ് കൂടുമെന്ന് കരുതുന്നു. ബജറ്റിന് മുന്നോടിയായി സാമ്പത്തിക അവലോകന റിപ്പോർട്ട് സഭയുടെ മേശപ്പുറത്ത് വച്ചു.

RNUTVPM

**&&&&&&&&&&&&&&&&&&**

## വയനാട്- ബജറ്റ് (ബൈറ്റ്)

വയനാടിന് ആശ്വാസം. മുണ്ടക്കൈ, ചൂരൽമല ദുരന്ത പുനരധിവാസം സമയബന്ധിതമായി പൂർത്തിയാക്കാൻ 750 കോടി രൂപയുടെ ആദ്യ പദ്ധതി ബജറ്റിൽ പ്രഖ്യാപിച്ചു.

(ഹോൾഡ് -വോയിസ്)

1,202കോടി രൂപയുടെ നഷ്ടമാണ് ദുരന്തത്തിലുണ്ടായതെന്ന് ധനമന്ത്രി പറഞ്ഞു. കേന്ദ്ര ബജറ്റിൽ വയനാടിന് ധനസഹായം പ്രഖ്യാപിച്ചില്ലെങ്കിലും പുനരധിവാസത്തിന് കേന്ദ്രം കൂടുതൽ തുക അനുവദിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് ധനമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

## <u>വിഴിഞ്ഞം</u>

വിഴിഞ്ഞത്തെ പ്രധാന ട്രാൻസ്ഷിപ്മെന്റ് തുറമുഖമാക്കുമെന്ന് ധനമന്ത്രി കെഎൻ ബാലഗോപാൽ. വിഴിഞ്ഞം തുറമുഖത്തിന് കിഫ്ബിയിൽ നിന്ന് 1,000 കോടി രൂപ അനുവദിച്ചു. പ്രധാന വ്യവസായ ഇടനാഴിയും കയറ്റുമതിയുടെയും ഇറക്കുമതിയുടെയും പ്രധാന കേന്ദ്രമായും വിഴിഞ്ഞത്തെ വളർത്തും. കോവളം ബേക്കൽ ഉൾനാടൻ ജല ഗതാഗത ഇടനാഴി സൃഷ്ടിക്കും. ഉൾനാടൻ ജലഗതാഗത വികസനത്തിന് കിഫ്ബി 500 കോടി നൽകും. ദേശീയപാത 66, പുതിയ ഗ്രീൻ ഫീൽഡ് ദേശീയപാത എന്നിവ വിഴിഞ്ഞം വികസന പദ്ധതിയുടെ ഭാഗമായി നിർമ്മിക്കും. വിഴിഞ്ഞം, കൊല്ലം പുനലൂർ ഔട്ടർ ഏരിയ ഗ്രോത്ത് കോറിഡോർ യാഥാർഥ്യമാക്കും. വിഴിഞ്ഞം ഔട്ടർ റിങ്ങ് റോഡ് പദ്ധതി യാഥാർത്ഥ്യമാകും. തീരദേശപാത സ്വകാര്യ നിക്ഷേപത്തോടെ പൂർത്തിയാകും. തെക്കൻ കേരളത്തിൽ കപ്പൽ ശാല തുടങ്ങാൻ കേന്ദ്ര സഹകരണം തേടും. വിഴിഞ്ഞത്ത് മറ്റു സംസ്ഥാനങ്ങളിൽ ഉള്ളവർക്കായി 100 ഏക്കറിൽ ഔദ്യോഗിക ബിസിനസ് കേന്ദ്രം Fintech മേഖലക്ക് 10 കോടി രൂപ.

&&&&&&&&&&&&&&&&&&

## <u>സർക്കാർ ജീവനക്കാർ (ബൈറ്റ്)</u>

സംസ്ഥാന ബജറ്റിൽ സർക്കാർ ജീവനക്കാർക്ക് ആശ്വാസം. ജീവനക്കാർക്ക് ഏപ്രിൽ മാസത്തെ ശമ്പളത്തിനൊപ്പം ഒരു ഗഡു ക്ഷാമബത്ത കൂടി അനുവദിച്ചു.

RNU TVPM

ശമ്പള പരിഷ്ക്കരണ തുകയുടെ രണ്ട് ഗഡു 1,900 കോടി ഈ സാമ്പത്തിക വർഷം നൽകും. ഡി എ കുടിശികയുടെ രണ്ട് ഗഡുവിന്റെ ലോക്ക് ഇൻ പിരീഡ് ഈ സാമ്പത്തിക വർഷം ഒഴിവാക്കും.

**(ഹോൾഡ് -വോയിസ്)**

സർവീസ് പെൻഷൻ പരിഷ്ക്കരണത്തിന്റെ കുടിശ്ശിക 600 കോടി ഫെബ്രുവരിയിൽ വിതരണം ചെയ്യുമെന്നും ധനമന്ത്രി ബജറ്റിൽ വ്യക്തമാക്കി.

&&&&&&&&&&&&&&&&&&

## വികസനം (ഇൻട്രോ)

ഇടത്തരക്കാരുടെ ഭവന സ്വപ്നങ്ങൾക്ക് പ്രതീക്ഷ നൽകി റെസിഡൻഷ്യൽ കോംപ്ലക്സ് മാതൃകയിൽ ഭവന പദ്ധതി നടപ്പിലാക്കും. ഒരു ലക്ഷം വീടുകൾ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കാനാണ് ലക്ഷ്യമിടുന്നത്.

RNU TVPM

**വിശദാംശങ്ങളിലേയ്ക്ക് ......**

**(വോയിസ്)**

## വികസനം (വോയിസ് )

തദ്ദേശ വകുപ്പിന്റെ ഉൾപ്പെടെ സഹായത്തോടെയാകും പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതിയുടെ കീഴിൽ നിർമിക്കുന്ന ഭവനങ്ങൾക്ക് വായ്പ ഇളവ് നൽകും. ഇതിനായി 20 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ലൈഫ് പദ്ധതിക്കായി 1,160 കോടി രൂപ വകയിരുത്തി. ഒരു ലക്ഷം വീടുകൾ പൂർത്തിയാക്കും. സംസ്ഥാനത്ത് 5 ലക്ഷത്തി 4,830 പേർക്ക് പുതിയ റേഷൻ കാർഡുകൾ അനുവദിച്ചു. 1,359 മെഗാവാട്ട് വൈദ്യുതി ഈ സർക്കാരിന്റെ കാലത്ത് ഉത്പാദിപ്പിച്ചു. 12.74 ലക്ഷം വൈദ്യുതി കണക്ഷനുകൾ കഴിഞ്ഞ ഒരു വർഷം നൽകി. തിരുവനന്തപുരം,

കൊച്ചി, കോഴിക്കോട് നഗര വികസനത്തിനായി മെട്രോ പൊളിറ്റൻ പ്ലാൻ ആവിഷ്കരിക്കും. മെട്രോ പൊളിറ്റൻ പ്ലാനിങ്ങ് കമ്മിറ്റികൾക്കും രൂപം നൽകും. തിരുവനന്തപുരം മെട്രോയുടെ പ്രാരംഭ നടപടികൾ ഈ വർഷം ആരംഭിക്കുമെന്നും ധനമന്ത്രി പറഞ്ഞു. കൊച്ചി മെട്രോയുടെ വികസനം തുടരും. 6,965 കോടി രൂപ കെ.എസ്.ആർ.ടി.സിക്ക് ഇതിനോടകം നൽകി. സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകൾക്ക് 3,061 കോടി രൂപ അനുവദിച്ചു. 100 പുതിയ പാലങ്ങൾ നിർമിച്ചു, 150-ഓളം പൂർത്തിയാക്കാനൊരുങ്ങുന്നു.

ന്യൂസ് ഡെസ് ആകാശവാണി.....

&&&&&&&&&&&&&&&&&&

## വ്യവസായം

കേന്ദ്ര സർക്കാരിന്റെ ബിസിനസ് സൗഹൃദ പട്ടികയിൽ സംസ്ഥാനം ഒന്നാമതെത്തി. കേന്ദ്ര മാതൃകയിൽ പ്രദേശികമായി കളിപ്പാട്ടങ്ങൾ നിർമിക്കുന്നതിനുള്ള പദ്ധതികൾക്കായി അഞ്ചുകോടി രൂപ. കടൽത്തീര സംരക്ഷണത്തിന് 100 കോടി രൂപ. കൊല്ലം ഓഷ്യനേറിയം 20 കോടി രൂപ. പൊതുമേഖല സ്ഥാപനങ്ങൾക്കായി 15,980 കോടി രൂപ അനുവദിച്ചു. കണ്ണൂർ ഐ.ടി പാർക്ക് 293.22 കോടി കിഫ്ബിയിൽ നിന്ന് നൽകി. കൊല്ലത്ത് കിഫ്ബി, കിൻഫ്രാ സഹകരണത്തിൽ ഐ.ടി. പാർക്ക് ആരംഭിക്കും. കൊല്ലത്ത് മറൈൻ ബയോളജിക്കൽ പാർക്കിന് സ്ഥലം ഏറ്റെടുക്കാൻ 20 കോടി രൂപ അനുവദിച്ചു. കയർ വ്യവസായത്തിന് 107.6 കോടിയും ഖാദി വ്യവസായത്തിന് 14.8 കോടിയും കശുവണ്ടിമേഖലയ്ക്ക് 30 കോടിയും അനുവദിച്ചു. ഗ്രാമീണ ചെറുകിട വികസന പദ്ധതിക്ക് 212 കോടി രൂപയും ഐ ടി മേഖലക്ക് 507 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. സുസ്ഥിര വികസനത്തിന് 15 കോടി, KSIDC ക്ക് 127.5 കോടി, ടെക്നോപാർക്കിന് 21 കോടി എന്നിവ അനുവദിച്ചു.

RNU TVPM

&&&&&&&&&&&&&&&&&&

## കൃഷി

കാർഷിക മേഖലയുടെ സമഗ്ര വികസനത്തിനായി ബജറ്റിൽ 227.40 കോടി രൂപ വകയിരുത്തി. നെല്ല് വികസനത്തിന് 150 കോടി. കേര പദ്ധതിക്ക് 100 കോടി രൂപ കാർഷിക സർവകലാശാലയ്ക്ക് 43 കോടി രൂപയും ക്ഷീര വികസനത്തിന് 120.93 കോടി രൂപയും അനുവദിച്ചു. നാളികേര വികസനത്തിനായി 73 കോടി രൂപയും അനുവദിച്ചു. ധർമ്മടത്ത് ഗ്ലോബൽ ഡയറി വില്ലേജിനായി 130 കോടി രൂപയും മണ്ണ് സംരക്ഷണ പദ്ധതികൾക്കായി 77.9 കോടി രൂപയും വിള ഇൻഷ്വുറൻസിന് 33.14 കോടി രൂപയും വകയിരുത്തി. മത്സ്യമേഖലയ്ക്ക് 295 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നെട്ടുകാൽത്തേരി കാലിത്തീറ്റ ഫാം തുടങ്ങും. പച്ചക്കറി വികസനത്തിന് 75.45 കോടി രൂപയും സുഗന്ധ വ്യഞ്ജന മേഖലയ്ക്കായി 7 കോടി രൂപയും അനുവദിച്ചിട്ടുണ്ട്. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയ്ക്ക് 17 കോടി രൂപ.

RNU TVPM

&&&&&&&&&&&&&&&&&&

## വനം -വന്യജീവി (ബൈറ്റ്)

വനം -വന്യജീവി മേഖലയുടെ സമഗ്ര വികസനത്തിനായി 305.61 കോടി രൂപ അനുവദിച്ചു. സംസ്ഥാനത്ത് പാമ്പ് കടിയേറ്റുള്ള മരണങ്ങൾ അടുത്ത അഞ്ച് വർഷം കൊണ്ട് പൂർണമായും ഇല്ലാതാക്കാൻ പാമ്പ് വിഷബാധ ജീവഹാനി രഹിത കേരളം പദ്ധതി നടപ്പാക്കുമെന്ന് മന്ത്രി കെ എൻ ബാലഗോപാൽ പറഞ്ഞു. വന്യജീവി ആക്രമണങ്ങൾ ഇല്ലാതാക്കൻ 25 കോടി രൂപയും, വനസംരക്ഷണ പ്രവർത്തനങ്ങളുടെ ശാക്തീകരണത്തിനും, അടിസ്ഥാന സൗകര്യ വികസനത്തിനുമായി 50.3 കോടി രൂപയും വകയിരുത്തി. പദ്ധതി വിഹിതത്തിന് പുറമെ പ്രത്യേകമായും തുക അനുവദിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി.

(ഹോൾഡ് -വോയിസ്)

പ്രോജക്റ്റ് എലിഫന്റ് പദ്ധതിയിൽപ്പെടുത്തി പെരിയാർ, അനമുടി, നിലമ്പൂർ, വയനാട് ആനസങ്കേതങ്ങൾ മെച്ചപ്പെടുത്തുന്നതിന് 3.5 കോടി രൂപയും, കോട്ടൂർ ആന പുനരധിവാസ കേന്ദ്രത്തിനായി 2 കോടി രൂപയും നീക്കി വച്ചിട്ടുണ്ടെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## ആരോഗ്യം

ആരോഗ്യമേഖലക്ക് 10,431.73 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. കാരുണ്യ ചികിത്സാ പദ്ധതിക്കായി 700 കോടി രൂപയും ബജറ്റിൽ അനുവദിച്ചു. ആരോഗ്യ മേഖലയിലെ പദ്ധതികൾക്കായി ഇതിനകം 38,126 കോടി രൂപ ചെലവാക്കിയതായും രാജ്യത്ത് കഴിഞ്ഞ മൂന്ന് വർഷമായി ഏറ്റവും കൂടുതൽ സൗജന്യ ചികിത്സ നൽകുന്നത് കേരളമാണെന്ന് ധനമന്ത്രി പറഞ്ഞു. ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസത്തിന് 43.72 കോടി രൂപ നൽകും

RNUTVPM

&&&&&&&&&&&&&&&&&&

## വിദ്യാഭ്യാസം

എ ഐ വികസനത്തിന് ഹാക്കത്തോൺ. ഉന്നത വിദ്യാഭ്യാസ രംഗത്ത് 7 മികവിന്റെ കേന്ദ്രങ്ങൾ. ഇതിനായി 28 കോടി. ഡിജിറ്റൽ സയൻസ് പാർക്കിന് 212 കോടി. ലൈഫ് സയൻസ് പാർക്കിന് 16 കോടി. കുസാറ്റിന് 69 കോടി രൂപയും, എംജി സർവകലാശാലയ്ക്ക് 62 കോടി രൂപയും അനുവദിച്ചു. പട്ടിക ജാതി, പട്ടിക വർഗ, ന്യൂനപക്ഷ വിദ്യാർഥികളുടെ വിവിധ സ്കോളർഷിപ്പുകൾക്കായി 3821 കോടി രൂപ ചിലവഴിച്ചു. തിരൂർ തുഞ്ചൻ പറമ്പിൽ എം.ടി പഠന കേന്ദ്രവും സ്മാരകവും നിർമിക്കാൻ ആദ്യ ഘട്ടമായി അഞ്ച് കോടി രൂപ

അനുവദിക്കും. നാട്ടുവൈദ്യ പരമ്പരാഗത പഠന കേന്ദ്രവും നിർമിക്കും. ഉച്ചഭക്ഷണ പദ്ധതിക്ക് 402 കോടി അനുവദിച്ചു.

&&&&&&&&&&&&&&&&&&

## ഭൂ നികുതി

ഭൂനികുതി 50 ശതമാനം ഉയർത്തിയതായി മന്ത്രി കെ.എൻ.ബാലഗോപാൽ. ഇതിലൂടെ 100 കോടി രൂപയുടെ അധിക വരുമാനം സർക്കാർ പ്രതീക്ഷിക്കുന്നതായും മന്ത്രി പറഞ്ഞു. ഇലക്ട്രിക് കാറുകളുടെ നികുതി കൂട്ടി. 30 കോടി രൂപയുടെ അധിക വരുമാനമാണ് ഇതുവഴി ലഭിക്കുക. സർക്കാർ ഭൂമിയുടെ പാട്ടത്തുകയും വർധിപ്പിച്ചിട്ടുണ്ട്. പാട്ട നിരക്ക് കുടിശിക തീർപ്പാക്കാൻ ഒറ്റത്തവണ പദ്ധതി നടപ്പാക്കും. കോടതി ഫീസുകൾ കൂട്ടി. ഇതിലൂടെ 150 കോടി രൂപയുടെ വർധനയാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു.

RNU TVPM

&&&&&&&&&&&&&&&&&&

## വിനോദസഞ്ചാരം (ഇൻട്രോ)

യാത്ര ചെയ്യാൻ ആളുകൾക്ക് കൂടുതൽ സമയം ലഭിക്കുന്നത് ടൂറിസം മേഖലയ്ക്ക് ഗുണകരമാണെന്ന് കെ.എൻ.ബാലഗോപാൽ പറഞ്ഞു. മൈസ് ടൂറിസത്തിന്റെ ഭാഗമായി വൻകിട കൺവെൻഷൻ സെന്ററുകളും ഡെസ്റ്റിനേഷൻ ടൂറിസം സെന്ററുകളും വികസിപ്പിക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചു.

# ഒരു റിപ്പോർട്ട്........

## വിനോദസഞ്ചാരം (വോയിസ്)

കെ- ഹോംസ് പദ്ധതികളുടെ പ്രാരംഭ ചെലവുകൾക്കായി 5 കോടി രൂപ വകയിരുത്തി. ഫോർട്ട് കൊച്ചി, കുമരകം, കോവളം, മൂന്നാർ, തുടങ്ങിയ വിനോദ സഞ്ചാര മേഖലകളുടെ പത്ത് കിലോ മീറ്റർ

ചുറ്റളവിൽ കെ ഹോംസിന്റെ പൈലറ്റ് പദ്ധതി നടപ്പാക്കും. ഈ മേഖലയിൽ അടഞ്ഞ് കിടക്കുന്ന വീടുകൾ ടൂറിസം അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉപയോഗിക്കാനാണ് കെ-ഹോംസിലൂടെ ലക്ഷ്യമിടുന്നത്. ആരോഗ്യ ടൂറിസത്തിനായി 50 കോടി രൂപയും നീക്കി വച്ചു. സീ പ്ലെയിൻ ടൂറിസം, ഹെലി പാഡുകൾ, ചെറുവിമാനത്താവളം എന്നിവയ്ക്കായി 20 കോടി രൂപ അനുവദിച്ചു. തീർത്ഥാടന ടൂറിസത്തിനും 20 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. വിദേശ സഞ്ചാരികളെ കേരളത്തിലേക്ക് ആകർഷിക്കാൻ നിലവാരമുള്ള ഹോട്ടൽ മുറികൾ അനിവാര്യമാണ്. ഹോട്ടലുകൾ നിർമിക്കാൻ 50 കോടി രൂപ വരെ വായ്പ ലഭിക്കുന്ന പദ്ധതി കേരള ഫിനാൻഷ്യൽ കോർപറേഷൻ ആവിഷ്കരിക്കും. ഈ പദ്ധതിക്ക് പലിശയിളവ് നൽകുന്നതിന് 20 കോടി രൂപ വകയിരുത്തിയതായും മന്ത്രി അറിയിച്ചു. ദേശീയ അന്തർദ്ദേശീയ ടൂറിസം വിപണന പ്രവർത്തനങ്ങൾക്കായി 80 കോടി രൂപ നീക്കിവച്ചു. കൊല്ലം-ശാസ്താംകോട്ട ടൂറിസം പദ്ധതിക്കായി ഒരു കോടി രൂപയും വിനോദ സഞ്ചാരികളിലെ ട്രക്കിംഗ് താൽപര്യം പ്രോത്സാഹിപ്പിക്കുന്നതിനായി വനയാത്രാ പദ്ധതിക്ക് 3 കോടി രൂപയും അനുവദിച്ചു. തിരുവനന്തപുരത്തെ പൊൻമുടിയിൽ റോപ് -വേ വികസിപ്പിക്കാൻ ലക്ഷ്യമിടുന്നു.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## പുതിയ പദ്ധതികൾ

മൂന്ന് മുതൽ അഞ്ച് ലക്ഷം പുതിയ ജോലികൾ ഉറപ്പാക്കുന്ന മെഗാ ജോബ് എക്സ്പോകൾ സംഘടിപ്പിക്കും. വയോജന പരിചരണത്തിനായി 50 കോടി അനുവദിച്ചു.സൈബർ കുറ്റകൃത്യങ്ങൾ തടയാൻ രണ്ടുകോടി രൂപ. ആറുവരി ദേശിയപാതയുടെ നിർമാണം ഈ വർഷം

RNU TVPM

പൂർത്തിയാകും. ഉൾനാടൻ ജലഗതാഗത വികസനത്തിന് കിഫ്ബി 500 കോടി നൽകും. പഴയ സർക്കാർ വാഹനങ്ങൾ മാറ്റി പുതിയ വാഹനങ്ങൾ വാങ്ങാൻ 100 കോടി നീക്കിവെച്ചു.

&&&&&&&&&&&&&&&&&&

## പ്രവാസി

2024 ലെ കണക്ക് അനുസരിച്ച് പ്രവാസികൾ അയയ്ക്കുന്ന പണത്തിന്റെ കണക്കിൽ കേരളം ഒന്നാമതാണ്. 21 ശതമാനമാണ് വിഹിതം. പ്രവാസികളുടെ നാടുമായുള്ള ബന്ധം പ്രോത്സാഹിപ്പിക്കാൻ ലോക കേരളാ കേന്ദ്രം സ്ഥാപിക്കും, 5 കോടി രൂപ അനുവദിച്ചു. വിദേശ വിദ്യാർത്ഥികളെ കേരളത്തിലേക്ക് ആകർഷിക്കാൻ നടപടി സ്വീകരിക്കുമെന്നും മന്ത്രി അറിയിച്ചു.

&&&&&&&&&&&&&&&&&&

## തുക അനുവദിച്ചു

വയനാട് ബ്രഹ്മഗിരി സൊസൈറ്റിയുടെ നവീകരണത്തിന് 10 കോടി. കിൻഫ്ര എക്സിബിഷൻ സെന്ററിന് 20 കോടി. വയനാട് സുസ്ഥിര വികസനത്തിനായി 85 കോടി. ശുചിത്വ കേരളത്തിന് 30 കോടി. കുടുംബശ്രീയ്ക്ക് 270 കോടി. കെ.എസ്.ഇ.ബിക്ക് 1,088 കോടി. വൈദ്യുതി ഉത്പാദനം കൂട്ടാൻ 100 കോടി. ഫിനാൻഷ്യൽ കോൺക്ലേവ് സംഘടിപ്പിക്കാൻ 2 കോടി. സ്റ്റാർട്ടപ്പ് മിഷന് ഒരു കോടി. കായിക മേഖലക്ക് 145.39 കോടി. സ്പോർട്സ് കൗൺസിലിന് 39 കോടി. ഗ്രാമീണ കളിസ്ഥലങ്ങൾക്ക് 18 കോടി. കേരള സർവകലാശാല സിന്തറ്റിക് ട്രാക്കിന് അഞ്ചു കോടി. കല്ലട ഇറിഗേഷന് 10 കോടി. സംസ്ഥാനത്ത് വിവിധ വെള്ളപ്പൊക്ക നിയന്ത്രണത്തിന് 178.07 കോടി. വൻകിട -ചെറുകിട ജലസേചന പദ്ധതികൾക്കായി 239 കോടിയും 190 കോടിയും. തോട്ടപ്പള്ളി സ്പിൽവേ വികസനത്തിന് 5 കോടി. ബാണാസുര സാഗർ പദ്ധതിക്ക് 20 കോടി. മൂവാറ്റുപുഴ ജലസേചന പദ്ധതി 10 കോടി.

RNU TVPM

എന്നിങ്ങനെ തുക അനുവദിച്ചു.

&&&&&&&&&&&&&&&&&&

## ആർ.ബി.ഐ

അഞ്ച് വർഷത്തിന് ശേഷം ആദ്യമായി റിസർവ് ബാങ്കിൻ്റെ പണനയ അവലോകന സമിതി റിപ്പോ നിരക്ക് കുറച്ചു. 6.50 ശതമാനത്തിൽ നിന്ന് 6.25 ശതമാനമായാണ് കുറച്ചത്. ഇതോടെ വായ്പാ പലിശ നിരക്ക് കുറയും. അതുവഴി തിരിച്ചടവ് തവണ തുകയിലും മാറ്റം വരും.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&&&&&&&&&&&&&&&&&&&&

&&&&&&&&

RNU TVPM